LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ചെയർ ഒന്നും പറയണമെന്ന് ഞാൻ ആവശ്യപ്പെട്ടില്ല. മുഖ്യമന്ത്രി ഇത് സംബന്ധിച്ച് അഭിപ്രായം പറയണമെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇങ്ങനെയൊരു ആക്ഷേപം ഉന്നയിച്ചിരുന്നുവോ, അതിനെക്കുറിച്ച് മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോയെന്ന് ഞാൻ ശ്രദ്ധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. .....(ബഹളം).....

(സഭയിൽ ഉന്നയിച്ച ആരോപണങ്ങൾ ഒരു പ്രത്യേക നിയമസഭാസമിതി രൂപീകരിച്ച് അന്വേഷിക്കണമെന്ന ആവശ്യത്തിന്മേൽ മുഖ്യമന്ത്രി മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

IV ശ്രദ്ധ ക്ഷണിക്കൽ

1. കോൾകൃഷി വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെല്ലുൽപ്പാദന രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട പ്രദേശമാണ് തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി സ്ഥിതിചെയ്യുന്ന തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങൾ. ചാലക്കുടിപ്പുഴയുടെ വടക്കു കിഴക്ക് ഭാഗത്തുനിന്ന് ആരംഭിച്ച് ഭാരതപ്പുഴയുടെ തെക്കുഭാഗത്ത് അവസാനിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ താലൂക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലുമായി സംസ്ഥാനത്തെ അറിയപ്പെടുന്ന നെല്ലറകളിലൊന്നായ കൂട്ടനാടൻ പ്രദേശം പോലെതന്നെ പ്രസിദ്ധമാണ് തൃശ്ശൂരിലേയും മലപ്പുറത്തേയും തൃശ്ശൂർ-പൊന്നാനി കോൾ മേഖലയായി അറിയപ്പെടുന്ന കോൾ നിലങ്ങൾ. ഈ നിലങ്ങൾ സ്വാഭാവികമായും കാലാവസ്ഥയുടെ ആനുകൂല്യങ്ങൾ മാത്രമനുസരിച്ച് .....(ബഹളം).....കൃഷിപ്പണി ചെയ്തിരുന്ന കോൾനിലങ്ങളായിരുന്നു. കഴിഞ്ഞ നാലരപ്പതിറ്റാണ്ട് മുമ്പാണ് കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) നിലവിൽ വരുന്നത്. നാലരപ്പതിറ്റാണ്ട് കാലമായി തൃശ്ശൂരിലെ കോൾനിലങ്ങൾക്ക് സമഗ്രവികസന പദ്ധതി വേണം, തൃശ്ശൂരിലെ കോൾ നിലങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കണം എന്നീ ആവശ്യങ്ങൾ കോൾ കർഷകർ സമരങ്ങളിലൂടെയും നിവേദനങ്ങളിലൂടെയും ഉന്നയിച്ചുകൊണ്ടിരുന്നു. അവിടെയുള്ള കോൾ നിലങ്ങൾ മഞ്ഞുപെയ്യാൽ മുങ്ങുകയും ചെറിയ നിലാവുദിച്ചാൽ ഉണങ്ങുന്ന സ്ഥിതിയുമാണ്. ഇങ്ങനെയൊരവസ്ഥ ഇനി

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് ഉണ്ടാകുന്നത്. അവിടത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേവലം പശ്ചാത്തല വികസനത്തിൽമാത്രം ഒതുങ്ങുന്ന വികസനം മാത്രംപോര. ബണ്ടുകളുടെ നിർമ്മാണംകൊണ്ടോ, എഞ്ചിൻതറകളുടെ വികസനംകൊണ്ടോ, ഷെഡ്ഡുകളുടെ വികസനംകൊണ്ടോമാത്രം കോൾ കൃഷിക്കാർ രക്ഷപ്പെടുകയില്ല. അനുബന്ധ കാർഷിക മേഖലകൾ ഉൾപ്പെടെ അമ്പതിനായിരം കർഷകരെ ബാധിക്കുന്നതാണ് തൃശ്ശൂരിലെയും പൊന്നാനിയിലെയും കോൾനില വികസനം. 13,692 ഹെക്ടർ കൃഷി സ്ഥലങ്ങൾ, നാലായിരം ഹെക്ടറോളംവരുന്ന അനുബന്ധ ഗാർഡൻ പ്രദേശങ്ങൾ, നെൽകൃഷി സ്ഥലങ്ങൾ അല്ലാത്ത കൃഷിസ്ഥലങ്ങൾ ഇതുൾപ്പെട്ട അമ്പതിനായിരത്തോളം കർഷകരെ ബാധിക്കുന്ന ഒരു വികസന പദ്ധതിയാണ് കഴിഞ്ഞ മൂന്നുവർഷംമുമ്പ് 2012-ൽ കേരള സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചത്.

സർ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ബൃഹത്തായ ഒരു പദ്ധതിയായി പൊന്നാനി-തൃശ്ശൂർ കോൾനില വികസന പദ്ധതി അംഗീകരിക്കപ്പെട്ടു. അതിന് പ്രത്യേകമായി ഭരണസമിതി രൂപീകരിച്ചു. ആ സമിതി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. തൃശ്ശൂരിലെ കോൾ കർഷകർ വലിയ പ്രതീക്ഷയോടുകൂടിയാണ് ഈ പദ്ധതിയെ നോക്കിക്കാണുന്നത്. ഇന്നലെകളിൽ ഉണ്ടായിരുന്ന എല്ലാ പ്രയാസങ്ങളും അതിജീവിക്കാൻ ഇതുവഴി കഴിയും, അതുവഴി തൊഴിലവസരങ്ങളുണ്ടാകും, ആ രീതിയിൽ ഇന്നലെകളിലുണ്ടായിരുന്ന കൃഷിക്കാരുടെ ദുരിതത്തിന് അറുതി വരുത്തുന്ന ഒരു പദ്ധതിയായി ഈ പദ്ധതിയെ കണ്ടിരുന്നു. എഞ്ചിൻതറകൾ നിർമ്മിക്കാൻ, വെള്ളം പമ്പ് ചെയ്യുന്ന എഞ്ചിൻ തടയണകളും ഫാം റോഡുകളും കോൾ നിലങ്ങൾക്കുള്ളിൽ കൂടുതൽ വീതിയുള്ള ബണ്ടുകളും കനാൽ ബണ്ടുകളും ചെറുപാലങ്ങളും സ്ലൂയിസുകളും എഞ്ചിൻ ഷെഡ്ഡുകളും ജലസേചനത്തിനുള്ള കോൺക്രീറ്റ് ചാലുകളും ഹൈലെവൽ കനാലുകളുമൊക്കെ നിർമ്മിക്കാനുള്ള പദ്ധതിയോടുകൂടിയാണ് ഈ പദ്ധതി നിലവിൽ വന്നത്. നിർഭാഗ്യകരമെന്നു പറയട്ടെ, ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി കഴിഞ്ഞ കുറച്ചുമാസക്കാലമായി നിശ്ചലമാണ്. ഈ കമ്മിറ്റിയെ പ്രതീക്ഷയോടുകൂടി നോക്കിക്കണ്ട കൃഷിക്കാർ നിരാശരാണ്. അതുകൊണ്ട് സമയബന്ധിതമായി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കണമെന്നും രണ്ടാംഘട്ടത്തിനുള്ള പദ്ധതി സമർപ്പിക്കണമെന്നും മുഖ്യമന്ത്രിയുടെയും കൃഷിവകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന കോൺഫറൻസുകളിൽ ആവർത്തിച്ച് ആവശ്യപ്പെടുകയും തീരുമാനമെടുക്കുകയും ചെയ്തിരുന്നതാണ്. രണ്ടാംഘട്ടം പദ്ധതി സമർപ്പിക്കേണ്ട സമയമായിട്ടുപോലും ഒന്നാംഘട്ട പദ്ധതി പൂർത്തീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സമയബന്ധിതമായി തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങളുടെ വികസന പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ...(ബഹളം)..... തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന കോൾനിലങ്ങളുടെ വികസനത്തിനുള്ള സമഗ്ര കോൾവികസന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു: .....(ബഹളം).....

ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 123.52 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ 42.46 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 4609.53 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ആർ.കെ.വി.വൈ. സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പെട്ടി, പറയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ്തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്.

2. പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 201 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്തിട്ടുണ്ട്.

3. കറവമാട്, താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 636 കറവമാടുകളെയും 74,550 താറാവുകളെയും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 478.53 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. കാർഷിക യന്ത്രവത്ക്കരണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായി 2745.30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

5. മത്സ്യവ്യാപനത്തിനായി 277.84 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. ഈ പദ്ധതിയിലുൾപ്പെടുത്തി 459.4 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. കോഴിവളർത്തൽ പദ്ധതിക്കായി 479 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. 12 കോഴിക്കൂടുകൾ വീതമുള്ള 15120 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

7. ജൈവകൃഷി വ്യാപനത്തിനായി 65 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ 490 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, നോട്ട് ഇൻ ദി സീറ്റ്.

(ശ്രീ. എസ്. രാജേന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ ഒരു കാര്യം പറയട്ടെ ..... (ബഹളം)..... നിയമസഭാ നടപടികൾ നടത്തിക്കൊട്ടുക്കാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. അതുകൊണ്ട് ചെയർ അത് നിർവ്വഹിക്കുന്നു .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു.

(സബ്മിഷനുകൾ റദ്ദ് ചെയ്തു)

V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2)അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെ പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2718 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) സർ, താഴെ പറയുന്ന കടലാസുകൾ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly